മാസത്തിലധികമായിട്ടും മലപ്പുറം ജില്ലാ ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്ന് ഉചിതമാർഗ്ഗേന സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിനുള്ള എൽ.ഒ.സി. പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട്, 150 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ, മലപ്പുറം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മാണം

282(3169) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പള്ളിപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നായരമ്പലം നെടുമങ്ങാട് പള്ളിപ്പാലം നിർമ്മിക്കുന്നതിനുള്ള 650 ലക്ഷം രൂപയുടെ വിശദമായ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

എലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

283(3170) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് റോഡ് ബിൽഡിംഗ്സ് വിഭാഗത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും, പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നുമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി റോഡ്സ്, ബിൽഡിംഗ്സ് വിഭാഗങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും അവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

284(3171) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഇതിലേതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും അതിൽ പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തൃക്കരിൽ ഗവ.പോളിടെക്നിക്

285(3172) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിൽ ഗവ.പോളിടെക്നിക് കോളേജിൽ വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പുനരാരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly